**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** **08-02-2023 - ൽ മറുപടിയ്ക്ക്**

**ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കണമെന്ന ആവശ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം മുകേഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആവശ്യത്തിന് ട്രെയിനുകൾ അനുവദിക്കാത്തതും ഉള്ളവയ്ക്ക് വേഗത തീരെ കുറവായതും സംസ്ഥാനത്ത് റെയിൽ യാത്ര ദുരിത പൂർണ്ണമാക്കുന്നതിനാൽ ആയത് പരിഹരിക്കുന്നതിനായി ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കണമെന്നും വന്ദേഭാരത് ട്രെയിൻ ആരംഭിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്നും എങ്കിൽ ആയതിന് മറുപടി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ റെയിൽവേയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി 01/12/2022 തീയതിയായി കേന്ദ്ര റെയിൽവേ മന്ത്രിക്ക് വിശദമായ കത്ത് നൽകിയിട്ടുണ്ട്. വന്ദേ ഭാരത് ട്രെയിനുകൾ അനുവദിക്കുന്നത് റെയിൽവേ മന്ത്രാലയം തീരുമാനിക്കേണ്ട നയപരമായ വിഷയമാണ്. കേരളം മുന്നോട്ടുവച്ച ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണയിലാണ്.<br><br>കേരളത്തിലെ ട്രെയിനുകളുടെ വേഗത മണിക്കൂറിൽ 130 കിലോമീറ്ററായി വർദ്ധിപ്പിക്കുന്നതിന് റെയിൽവേ ഡിവിഷൻ, പാലക്കാട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വിവിധ സെക്ടറുകളിൽ ട്രെയിനുകൾക്ക് അനുവദിച്ചിട്ടുള്ള പരമാവധി വേഗതയും നിലവിലെ ശരാശരി വേഗതയും എത്ര വീതമെന്ന് അറിയിക്കാമോ; | (ബി) | കേരളത്തിലെ റെയിൽവേ സെക്ടറുകളിൽ (പാലക്കാട് ഡിവിഷൻ) അനുവദിച്ചിട്ടുള്ള വേഗത പരിധി ചുവടെ ചേർക്കുന്നു<br><br>പോത്തന്നൂർ-പാലക്കാട്ഷൊർണ്ണൂർ-കോഴിക്കോട്-കണ്ണൂർ-മംഗലാപുരം ജംഗ്ഷൻ (ഡബിൾ ലൈൻ) - 110 കി.മി/മണിക്കൂർ<br><br>ഷൊർണ്ണൂർ ജംഗ്ഷൻ നിലമ്പൂർ റോഡ് (സിംഗിൾ ലൈൻ) - 75ക.മി/മണിക്കൂർ<br><br>പാലക്കാട് ജംഗ്ഷൻ-പാലക്കാട്ടൗൺ (സിംഗിൾ ലൈൻ) - 55 കിമി/മണിക്കൂർ<br><br>പാലക്കാട് ടൗൺ-പൊള്ളാച്ചി ജംഗ്ഷൻ (സിംഗിൾ ലൈൻ) -100ക.മി/മണിക്കൂർ<br><br>പൊള്ളാച്ചി ജംഗ്ഷൻ-പോത്തന്നൂർ ജംഗ്ഷൻ (സിംഗിൾ ലൈൻ) -80 കി.മി/മണിക്കൂർ |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള ട്രാക്കുകളിൽ മണിക്കൂറിൽ 70 കി.മീ മുതൽ 110 കി.മീ വരെ വേഗതയിൽ ട്രെയിൻ ഓടിക്കാനാണ് അനുമതിയുള്ളത്. വിവിധതരം ട്രെയിനുകളുടെ ശരാശരി വേഗം വ്യത്യസ്ഥമാണ്. പാസഞ്ചർ ട്രെയിനുകളുടെ ശരാശരി വേഗം മണിക്കൂറിൽ 40 കിലോമീറ്റർ എക്സ്പ്രസ് ട്രെയിനുകൾക്ക് മണിക്കൂറിൽ 55 മുതൽ 60 കിലോമീറ്ററുമാണ്. |
| (സി) | സംസ്ഥാനത്തെ റെയിൽ പാളങ്ങളുടെ വളവ് നിവർത്തി അവ ബലപ്പെടുത്തിയും സിഗ്നൽ സംവിധാനം മെച്ചപ്പെടുത്തിയും ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി കേന്ദ്രം അംഗീകരിച്ചതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) | സർക്കാരിന് ഇക്കാര്യത്തിൽ ഔദ്യോഗികമായ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. എന്നാൽ, കേരളത്തിൽ ട്രെയിനുകളുടെ വേഗത മണിക്കൂറിൽ 130 കിലോമീറ്ററായി വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട റെയിൽവേ ഡിവിഷൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് ശിപാർശ സമർപ്പിക്കുകയും, തുടർന്ന്, തിരുവനന്തപുരം-മംഗലാപുരം സെൻട്രൽ സെക്ഷനിൽ ട്രെയിൻ വേഗത 130 കി.മി ആയി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ റെയിൽവേ കൺസ്ട്രക്ഷൻ ഓർഗനൈസേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ